**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 439** **02-11-2021 - ൽ മറുപടിയ്ക്ക്**

**കേര കർഷകർക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാളികേരത്തിന് ഉല്പാദനചെലവ് പോലും ലഭിക്കാതെ നിരവധി കർഷകർ തെങ്ങുകൃഷി ഉപേക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | കേര കർഷകർക്ക് സബ്സിഡിയിനത്തിൽ സഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | ഉണ്ട്. കേരകർഷകരെ പ്രോത്സാഹി പ്പിക്കുന്നതിനും, കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും വിവിധ കേരവികസന പദ്ധതികൾ സർക്കാർ സാമ്പത്തിക സഹായത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. കേരവികസന പദ്ധതികൾക്കായി 7547 ലക്ഷം രൂപ 2021-22 വർഷം വകയിരുത്തിയിട്ടുണ്ട്. നാളീകേരകർഷകർക്കായി കേരഗ്രാമം പദ്ധതി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ 2014-15 വർഷം മുതൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. തേങ്ങയുടെ ഉൽപ്പാദനവും, ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും, പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീട-രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാ ഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശത്ത് കേരഗ്രാമപദ്ധതി നടപ്പിലാക്കിവരുന്നു. കേരഗ്രാമം നടപ്പിലാക്കുവാനായി 4856 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്ന തിലേക്കായി ഇളനീരിനും കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും, മാതൃകാ ഫാമുകൾ 0.2 ഹെക്ടർ വീതമുള്ളത് സ്ഥാപിക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തി |

| | | | |
|---|---|---|---|
| | | | വരുന്നു. ഇതിനായി 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേയ്ക്ക് പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെയാണ് നാളികേര വികസന കൗൺസിൽ സർക്കാർ രൂപീകരിച്ചിരിക്കുന്നത്. ഗുണമേന്മയുള്ള തെങ്ങിൻതൈകൾ വാർഡൊന്നിന് 75 എണ്ണം എന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത്പദ്ധതി 'കേരകേരളം സമൃദ്ധകേരളം' എന്ന പേരിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 1014.5774 ലക്ഷം രൂപ ഇതിനായി മാത്രം വകയിരുത്തിയിട്ടുണ്ട്. കൂടാതെ വിത്ത് തേങ്ങാ സംഭരണവും, തെങ്ങിൻതൈ ഉല്പാദനവുമായി ബന്ധപ്പെട്ട് 1359 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തെങ്ങിനെ ബാധിക്കുന്ന കീടങ്ങളേയും, രോഗങ്ങളേയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൽ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | നാളികേരവും കൊപ്രയും ന്യായവിലയ്ക്ക് സംഭരിക്കുന്നതിൽ കേരഫെഡ് വഹിക്കുന്ന പങ്ക് വ്യക്തമാക്കാമോ; | (സി) | ഇ - മെയിൽ ടെൻഡർ മുഖേനയാണ് കേരഫെഡ് കൊപ്ര സംഭരിക്കുന്നത്. കൂടാതെ കർഷകർ, കർഷക സംഘങ്ങൾ എന്നിവർക്ക് ഇ-മെയിൽ ടെൻഡർ അല്ലാതെ നേരിട്ട് അതാത് ദിവസത്തെ വിലയ്ക്ക് കരുനാഗപ്പള്ളിയിലും നടുവണ്ണൂരിലുമുള്ള കേരഫെഡ് ഫാക്ടറികളിൽ നേരിട്ട് കൊപ്ര എത്തിക്കുവാനുള്ള സംവിധാനവും നിലവിലുണ്ട്. ഇതു കൂടാതെ പച്ചത്തേങ്ങവില , സംഭരണ വിലയേക്കാൾ കുറഞ്ഞ സ്ഥലങ്ങളിൽ, കേരാഫെഡ് നേരിട്ട് കർഷകരിൽ നിന്ന് പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ , പൊതു വിപണിയിൽ നാളികേരത്തിന് സംഭരണ വിലയേക്കാൾ ഉയർന്നവില കർഷകർക്ക് നിലവിൽ ലഭിയ്ക്കുന്നതുകൊണ്ട് കേരാഫെഡിന്റെ സംഭരണ കേന്ദ്രങ്ങളിൽ പ്രതീക്ഷിച്ച അളവിൽ കർഷകർ നാളികേരം എത്തിച്ചിട്ടില്ല. നിലവിൽ , തിരുവനന്തപുരം തൃശ്ശൂർ, മലപ്പുറം ജില്ലയിലെ പൊന്നാനി കോഴിക്കോട് എന്നിവിടങ്ങളിലായാണ് കേരാഫെഡിന്റെ സംഭരണ കേന്ദ്രങ്ങൾ ഒരുക്കിയിട്ടുള്ളത്. നിലവിൽ കിലോയ്ക്ക് 32 രൂപയാണ് പച്ചത്തേങ്ങയുടെ സംഭരണവില. |
| (ഡി) | കേരഫെഡിൽ തൊഴിലാളികൾ നടത്തുന്ന അനിശ് ചിതകാല സമരം കൊപ്ര സംഭരണത്തെ ബാധിച്ചിട്ടുണ്ടോ; പ്രസ്തുത സമരം ഒത്തുതീർപ്പാക്കാൻ ഇടപെടൽ നടത്തുമോ; വ്യക്തമാക്കാമോ? | (ഡി) | കേരഫെഡിൽ തൊഴിലാളികൾ നടത്തുന്ന അനിശ്ചിതകാല സമരം ബഹു.കൃഷി വകുപ്പ് മന്ത്രി 29/10/2021-ൽ വിളിച്ചുചേർത്ത യോഗത്തിൽ ഒത്തുതീർപ്പായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ